പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 209

# 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബിൽ

(ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 209

# 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബിൽ

(ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ. നോട്ടീസ് നൽകിയത്)

890/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 209

# 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബിൽ

(ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്ത് അവകാശികളാലും ആശ്രിതരാലും അവഗണിക്കപ്പെടുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും അവർക്ക് നിയമപരിരക്ഷ ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് അവകാശികളാൽ അവഗണിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും നിയമപരമായ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഒരു പ്രത്യേക നിയമം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2019-ലെ കേരള വയോജന കമ്മീഷൻ ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വയോജനം" എന്നാൽ, അറുപതു വയസ്സ് പൂർത്തിയായ ഏതൊരു സ്ത്രീയോ പുരുഷനോ എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ, കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "കമ്മീഷൻ" എന്നാൽ, കേരള വയോജന കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇ) "ചെയർമാൻ" എന്നാൽ, കേരള വയോജന കമ്മീഷൻ ചെയർമാൻ എന്നർത്ഥമാകുന്നു;

(എഫ്) "അംഗം" എന്നാൽ, കേരള വയോജന കമ്മീഷൻ അംഗം എന്നർത്ഥമാകുന്നു;

(ജി) "സെക്രട്ടറി" എന്നാൽ, കേരള വയോജന കമ്മീഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു;

(എച്ച്) "ഡയറക്ടർ" എന്നാൽ, ഈ ആക്റ്റ് പ്രകാരം നിയമിക്കുന്ന പ്രത്യേക അധികാരമുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഐ) "അവകാശി" എന്നാൽ, കേരള വയോജനങ്ങളുടെ പിൻതുടർച്ചാവകാശം നിയമപരമായി ലഭിക്കുവാൻ അർഹതയുള്ളവർ എന്നർത്ഥമാകുന്നു;

(ജെ) "ആശ്രിതൻ" എന്നാൽ, ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയായ ആൺ മക്കൾ, നിയമപരമായി ദത്തെടുത്ത മക്കൾ, കൂടെ താമസിക്കുന്ന സഹോദരീ സഹോദരന്മാർ അല്ലെങ്കിൽ മറ്റ് അടുത്ത ബന്ധുക്കൾ എന്നർത്ഥമാകുന്നു.

3. <u>കമ്മീഷൻ രൂപീകരണം</u>.—(എ) ജില്ലാ ജഡ്ജിയുടെ റാങ്കിൽ ഉള്ള ഒരാളിനെ കമ്മീഷന്റെ ചെയർമാനായും രണ്ട് പബ്ലിക് പ്രോസിക്യൂട്ടർമാർ ഉൾപ്പെടെ ഒരു അഞ്ചംഗ സമിതിയെ കമ്മീഷൻ അംഗങ്ങളാക്കി സർക്കാരിന് ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗത്തിൽ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനുവേണ്ടി കേരള വയോജന കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷൻ രൂപവൽക്കരിക്കേണ്ടതാണ്;

(ബി) അംഗങ്ങളിൽ ഒരാൾ വനിതയും മറ്റൊരാൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുമായിരിക്കേണ്ടതാണ്;

(സി) ചെയർമാനെയും അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(ഡി) സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സെക്രട്ടറിയായും ആവശ്യമായേക്കാവുന്ന മറ്റ് ജീവനക്കാരെയും നിയമിക്കാവുന്നതാണ്;

(ഇ) കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ലഭിക്കുന്ന പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിന് സർക്കാരിന് പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡയറക്ടറായും ഡയറക്ടറെ സഹായിക്കാനാവശ്യമായ ജീവനക്കാരെയും ഡെപ്യൂട്ടേഷൻ പ്രകാരം നിയമിക്കാവുന്നതാണ്;

(എഫ്) (ഡി), (ഇ) എന്നീ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സെക്രട്ടറിയും, ഡയറക്ടറും മറ്റ് കമ്മീഷനിലെ ജീവനക്കാരും അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത് ചെയർമാന്റെ ഭരണ നിയന്ത്രണത്തിനു വിധേയമായിട്ടായിരിക്കേണ്ടതാണ്.

4. ഔദ്യോഗിക കാലാവധി.—(എ) ചെയർമാന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്കാണ്;

(ബി) എന്നാൽ ചെയർമാൻ ഉൾപ്പെടെ ഏതൊരംഗത്തിനും ഏതു സമയത്തും സർക്കാരിലേക്ക് എഴുതി അറിയിച്ചുകൊണ്ട് അവരുടെ സ്ഥാനം രാജി വയ്ക്കാവുന്നതാണ്;

(സി) ചെയർമാന്റെയും അംഗങ്ങളുടെയും സേവന വ്യവസ്ഥകളും ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ സർക്കാർ തീരുമാനിക്കേണ്ടതാണ്;

(ഡി) സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ കമ്മീഷനെ എപ്പോൾ വേണമെങ്കിലും സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന പിരിച്ചുവിടാവുന്നതാണ്;

(ഇ) കമ്മീഷൻ പിരിച്ചുവിട്ട തീയതി മുതൽ രണ്ട് മാസത്തിനകം പുതിയ കമ്മീഷനെ ഗവൺമെന്റ് നിയമിക്കേണ്ടതാണ്.

5. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ പ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കേണ്ടതാണ്;

(2) കമ്മീഷന് ലഭിക്കുന്ന പരാതികൾ ഡയറക്ടർ മുഖേന അന്വേഷണം നടത്തേണ്ടതും, ഡയറക്ടർ കൊടുക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷന് നടപടികൾ സ്വീകരിക്കാവുന്നതാണ്;

(3) കമ്മീഷൻ യോഗങ്ങളിൽ ചെയർമാൻ അദ്ധ്യക്ഷത വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ ചെയർമാൻ ചുമതലപ്പെടുത്തുന്ന ഒരു സീനിയർ അംഗത്തെ അദ്ധ്യക്ഷനായി നിർണ്ണയിക്കാവുന്നതാണ്;

(4) കമ്മീഷൻ തീരുമാനങ്ങളിൽ ഭൂരിപക്ഷ അഭിപ്രായം മാനിച്ച് ചെയർമാന് യുക്തമായ നടപടി സ്വീകരിക്കാവുന്നതാണ്;

(5) കമ്മീഷന് പരാതികളിൽ ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുവരുത്തുന്നതിനും, ഹാജരാകുന്നില്ലെങ്കിൽ അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കാനും അധികാരമുണ്ടായിരിക്കുന്നതാണ്;

(6) കമ്മീഷനിലേക്ക് ഉള്ളതോ കമ്മീഷനിൽ നിന്നും ഉള്ളതോ ആയ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്;

(7) കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് രേഖകളും സൂക്ഷിച്ച് പോരേണ്ടതും വർഷം തോറും ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

6. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപ്പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന്, അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് 2018 മാർച്ചിലെ കണക്കുപ്രകാരം അറുപത് വയസ്സ് പൂർത്തിയായ 42,27,879 വൃദ്ധജനങ്ങൾ ഉണ്ട്. 1961-ൽ ജനസംഖ്യയുടെ 6 ശതമാനമുണ്ടായിരുന്ന ഈ വിഭാഗം 2011-ൽ 13 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. ആധുനിക യുഗത്തിലെ സങ്കീർണ്ണമായിരിക്കുന്ന ജീവിത സാഹചര്യങ്ങൾ കുടുംബ സംരക്ഷണം ലഭിക്കാത്ത വൃദ്ധജനങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള വൃദ്ധസദനങ്ങളും അനുബന്ധ സ്ഥാപനങ്ങളും അഗതികളായ വൃദ്ധജനങ്ങൾക്ക് ആശ്വാസമേകുന്നില്ല. കേരളത്തിൽ രോഗികളും അശരണരുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രതിവർഷം ഇരുപത് കോടിയോളം രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ഭൂരിപക്ഷം വൃദ്ധജനങ്ങളും, അശരണരും, അഗതികളും, രോഗികളുമായി .ജീവിത സായാഹ്നം കഴിച്ചുകൂട്ടേണ്ടിവരുന്നു.

കുടുംബബന്ധങ്ങൾക്ക് പരിപാവനത്വം കൽപ്പിക്കപ്പെടുന്ന ഭാരതീയ വ്യവസ്ഥയിൽ പോലും വൃദ്ധജനങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന അവഗണനയും, അനാഥത്വവും നമ്മുടെ സമൂഹത്തിന് തന്നെ ഒരു ശാപമായി തീർന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ അഗതികളും

രോഗികളുമായ വൃദ്ധജനങ്ങളുടെയും ആശ്രിതരാൽ അവഗണിക്കുന്ന വൃദ്ധജനങ്ങളുടെയും ക്ഷേമത്തിനും സംരക്ഷണത്തിനും ഈ മേഖലയിൽ ഇന്നു നടക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംരക്ഷണം നൽകുന്നതിനും ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഒരു കമ്മീഷൻ രൂപീകരിക്കണമെങ്കിൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. എന്നാൽ കമ്മീഷൻ പ്രവർത്തനക്ഷമമായതിനുശേഷമേ ഇക്കാര്യത്തിൽ എത്രമാത്രം സാമ്പത്തിക ബാധ്യത ഉണ്ടാകൂ എന്ന് തിട്ടപ്പെടുത്താൻ കഴിയൂ. എന്നിരുന്നാലും നിലവിലുള്ള സാഹചര്യത്തിൽ ഉദ്ദേശം ഒരു കോടി രൂപയുടെ പ്രാരംഭച്ചെലവ് സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും, സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദാക്കുവാനോ ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ, ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

പി. ഉബൈദുള്ള, എം. എൽ. എ.